**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1825** **12-09-2023 - ൽ മറുപടിയ്ക്ക്**

**ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | വിവിധ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലായി പ്രിൻസിപ്പാൾ തസ്തികയിൽ നിലവിലുണ്ടായിരുന്ന 57 ഒഴിവുകളിൽ 36 ഒഴിവുകളിലേയ്ക്ക് സ.ഉ.(സാധാ) നം.1320/2023 തീയതി 23.08.2023 പ്രകാരം നിയമനം നൽകിയിട്ടുണ്ട്. നിലവിൽ ആകെ 21 ഒഴിവുകളാണ് ഉള്ളത്. |
| (ബി) | പ്രസ്തുത ഒഴിവുകളിലേയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിൽ എത്ര പേരടങ്ങുന്ന പട്ടികയാണ് പി.എസ്.സി. അംഗീകരിച്ച് നിയമനത്തിനായി നൽകിയതെന്നും വ്യക്തമാക്കാമോ; | (ബി) | സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പാൾ പ്രൊമോഷൻ നടത്തുന്നതിലേക്കായി സെലക്ഷൻ കമ്മിറ്റി മുൻപാകെ 110 അപേക്ഷകൾ ലഭിച്ചു. ആയതിൽ സെലക്ഷൻ കമ്മിറ്റി 67 അദ്ധ്യാപകരെ യോഗ്യത ഉള്ളതായി കണ്ടെത്തിയെങ്കിലും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ രൂപീകരിച്ച ഒരു ടെക്നിക്കൽ കമ്മിറ്റി 23 പേരെ ഒഴിവാക്കിയതായി പരാതി ഉയരുകയുണ്ടായി. അപ്രകാരം തെരഞ്ഞെടുത്ത 44 അദ്ധ്യാപകരിൽ വകുപ്പ്തല പ്രൊമോഷൻ കമ്മിറ്റി കൂടുന്ന സമയത്ത് സേവനത്തിൽ നിന്നും വിരമിച്ച ഒരു അദ്ധ്യാപകനെ കൂടി ഒഴിവാക്കി ആകെ 43 പേരുടെ പട്ടികയാണ് വകുപ്പ്തല പ്രൊമോഷൻ കമ്മിറ്റി (ഹയർ) തയ്യാറാക്കിയത്. |
| (സി) | പ്രിൻസിപ്പൽ നിയമനത്തിനായി സർക്കാർ നിയോഗിച്ച സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച പട്ടിക വീണ്ടും കരട് പട്ടികയാക്കാൻ വകുപ്പ് മന്ത്രി ഉത്തരവിട്ടിരുന്നോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പാൾ തസ്തികയിൽ പ്രൊമോഷനായി ആകെയുള്ള 110 അപേക്ഷകളിൽ നിന്നും 02.03.2022 തീയതിയിലെ G.O.(Rt)No.350/2022/H.Edn ഉത്തരവ് പ്രകാരം രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി 67അദ്ധ്യാപകരെ തിരഞ്ഞെടുത്തിരുന്നതായും എന്നാൽ ഈ അറുപത്തേഴ് പേരിൽ നിന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ രൂപീകരിച്ച ഡെപ്യൂട്ടി ഡയറക്ടർ , അഡീഷണൽ ഡയറക്ടർ എന്നിവർ ഉൾപ്പെട്ട ഒരു ടെക്നിക്കൽ കമ്മിറ്റി 23 അദ്ധ്യാപകരെ |

| | | | |
|---|---|---|---|
| | | | ഒഴിവാക്കിയതായും പരാതി ഉയർന്നിരുന്നു. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പാൾ തസ്തികയിൽ പ്രൊമോഷനു വേണ്ടിയുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി 23.06.2022 ൽ ചേരുകയും , പ്രസ്തുത യോഗത്തിന്റെ കരട് മിനുട്സ് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ സെലക്ഷൻ പ്രക്രിയ സംബന്ധിച്ച് സർക്കാരിൽ ലഭിച്ച നിരവധിയായ പരാതികളുടെ അടിസ്ഥാനത്തിലാണ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി സമർപ്പിച്ച ലിസ്റ്റ് ഒരു കരട് ലിസ്റ്റായി പ്രസിദ്ധികരിച്ച് ആയതിൻമേൽ പരാതികൾ ക്ഷണിക്കുവാൻ നിർദ്ദേശിച്ചത്. |
| (ഡി) | നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുവാൻ എന്ത് തുടർനടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | ഡോ.വർഗ്ഗീസ് ജേക്കബും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത OA 828/2023 - യിൻമേലുള്ള 03.08.2023 - ലെ ഉത്തരവ് , MA 1611/2023 in OA 828/2023 യിൻമേലുള്ള 21.08.2023 – ലെ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ സ.ഉ.(സാധാ).നം.1320/2023/ഉ.വി.വ തീയതി 23.08.2023 ഉത്തരവ് പ്രകാരം 36 അദ്ധ്യാപകർക്ക് താത്കാലിക പ്രൊമോഷൻ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് പുതിയ അപേക്ഷ ക്ഷണിച്ച് പുതുതായി സെലക്ഷൻ നടത്താനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ